## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .3179 07-11-2019 -ൽ മറുപടിക്ക്

### വ്യാപരികൾക്കുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് നടപടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ജോർജ് എം. തോമസ് | | ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) | 2018, 2019 വർഷങ്ങളിലെ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച വ്യാപാരികൾക്ക് ധനസഹായം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; | എ) | 2018-ലെ പ്രളയത്തിൽ ഉൾപ്പെട്ട വ്യാപാരി/ വ്യവസായികൾക്കായി ഉജ്ജീവന സഹായ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2019-ലെ പ്രളയവുമായി ബന്ധപ്പെട്ട് പദ്ധതികൾ ഒന്നും ഇതുവരെ നടപ്പിലാക്കിയിട്ടില്ല. |
| ബി) | ഇതിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | ബി) & സി) | അടിസ്ഥാന ദുരിതാശ്വാസത്തിൽ ഉൾപ്പെടാത്ത സൂക്ഷ്മ, ചെറുകിട, ഇടത്തര വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ, കടകൾ, തേനീച്ച കർഷകർ, അലങ്കാര പക്ഷി കർഷകർ എന്നിവർക്ക് 2 ലക്ഷം രൂപ വരെയുള്ള ഉജ്ജീവന സഹായ പദ്ധതി നടപ്പാക്കി. ഉജ്ജീവന സഹായ പദ്ധതി പ്രകാരം കിസാൻ ക്രെഡിറ്റ് കാർഡ് ഉള്ള പ്രളയ ബാധിതരായ കർഷകർക്ക് സംസ്ഥാന സർക്കാർ 4% താങ്ങ്-പലിശ നൽകുന്നു. ഉജ്ജീവന വായ്പാ പദ്ധതി പ്രകാരം ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും, സഹകരണ ബാങ്കുകളിൽ നിന്നും എടുക്കുന്ന വായ്പകൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം നൽകുന്നു. MSME സ്ഥാപനങ്ങൾക്കുള്ള കടം - റിസർവ് ബാങ്ക് മാനദണ്ഡ പ്രകാരം ദുരന്ത ബാധിത പ്രദേശത്തെ സ്വകാര്യ മേഖലയിലെ Micro, Small and Medium Enterprises (MSME) സ്ഥാപനങ്ങളുടെ നാശ നഷ്ട ആഘാതം ലഘൂകരിക്കുന്നതിനുള്ള ചട്ടങ്ങൾ പ്രകാരം നിലവിലെ കടം MSME സ്ഥാപനങ്ങൾക്ക് പുനർക്രമീകരിക്കുകയും, പ്രവർത്തനം പുനരാരംഭിക്കുവാൻ പുതുതായി കടം നൽകുവാനും ദുരന്ത നിവാരണ നിയമത്തിന്റെ Section 13 പ്രകാരം വേണ്ട നടപടി സ്വീകരിക്കുവാൻ ദേശീയ |
| സി) | സഹായധനം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ? | | |

| | | | |
|---|---|---|---|
| | | | ദുരന്ത നിവാരണ അതോറിറ്റിയോട് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അവശ്യപ്പെട്ടുകയും ചെയ്യു. ഈ ആവശ്യം പരിഗണിച്ച് കേന്ദ്ര ഫിനാൻസ് വകുപ്പ് രാജ്യത്തെ എല്ലാ ബാങ്കുകൾക്കും നിർദ്ദേശം നൽകുകയും ചെയ്യു. 1563 സ്ഥാപനങ്ങൾക്കായി 112.95203 കോടി രൂപയുടെ വായ്പ വിവിധ ബാങ്കുകൾ മുഖേന ഉജ്ജീവന സഹായ പദ്ധതിവഴി നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ